## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1291 01.07.2015 -ൽ മറുപടിക്ക്**

**<u>റോഡ് നിർമ്മാണത്തിന് പുതിയ സ്ഥാപനം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ഡോ.ടി.എം.തോമസ് ഐസക്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പമന്ത്രി)** |
| (എ) റോഡ് നിർമ്മാണരംഗത്ത് നിലവിലുള്ള സ്ഥാപനങ്ങളെ യെല്ലാം മാറ്റി നിർത്തി പുതിയ തായി ഒരു സ്ഥാപനം രൂപീ കരിക്കാൻ കെ.എസ്.ടി.പി. തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) റോഡുകളുടെ നവീകരണ ത്തിനും മാർഗ്ഗരേഖ തയ്യാറാ ക്കുന്നതിനും നിലവിലുള്ള സ്ഥാപ നങ്ങൾ ഏതൊക്കെയാണ്; പ്രസ്തുത സ്ഥാപനങ്ങൾ എല്ലാം ഉണ്ടായിരിക്കെ ഭാരിച്ച ചെലവ് പ്രതീക്ഷിക്കാവുന്ന പുതിയ സംവി ധാനം തന്നെ വേണമെന്ന് നിഷ്കർഷിക്കാൻ കാരണ മെന്തായിരുന്നു; | (ബി) & (സി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (KSTP), റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ഓഫ് കേരള ലിമിറ്റഡ് (RICK) എന്നീ സ്ഥാപന ങ്ങളാണ് റോഡ് വികസനത്തിനും മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും ഉദ്ദേശിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിലുള്ള സ്ഥാപനങ്ങൾ. എന്നാൽ നിലവിലുള്ള റോഡ് നിർമ്മാണ, നവീകരണ, പരിപാലന സംവിധാനങ്ങൾക്കു പുറമേ 2009 ലെ കരട് റോഡ് വികസന നയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഫണ്ടിനു പുറമേ മറ്റ് ധനാഗമ മാർഗ്ഗങ്ങളിലൂടെ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്ന തിനെ കുറിച്ച് പഠനം നടത്തുക എന്ന |
| (സി) പുതിയ സ്ഥാപനത്തിന്റെ ഘട നയും പ്രവർത്തനവും വിശദ മാക്കുമോ; ഏതെല്ലാം തസ്തിക കളിൽ എത്രയാളുകൾ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന ത്തിനാവശ്യമാണ് ? | |

ഉദ്ദേശത്തോടെ ഒരു സ്ട്രാറ്റജിക് റോഡു നെറ്റ് വർക്ക് പ്രോഗ്രാം നടത്താൻ കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നതേയുള്ളൂ.

സെക്ഷൻ ഓഫീസർ